"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/190/2023-തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

തിരുവനന്തപുരം,

തീയതി: 30-06-2023

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ഭർത്താവ് ഉപേക്ഷിച്ചുപോയ സ്ത്രീക്ക് സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധന സഹായം അനുവദിക്കുന്നത് - ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടുള്ളത് നഗരസഭകൾക്കും ബാധകമാണോ എന്നുള്ള സ്പഷ്ടീകരണം നൽകുന്നത് - സംബന്ധിച്ച്.

സൂചന:-

1. സ. ഉ. (അച്ചടി) 151/78/ത.സ.ക്ഷേ.വ; തീയതി 19.06.1978
2. 17/11/2014-ലെ 66583/ഡി.എ-2/14/ത.സ്വ.ഭ.വ നമ്പർ സർക്കുലർ
3. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
4. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 26.04.2023ലെ MOCP5(1)/11948/2021 നമ്പർ കത്ത്

*********************

സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനുള്ള നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സാമൂഹ്യക്ഷേമ വകുപ്പ് പുറപ്പെടുവിച്ച സൂചന (1) ഉത്തരവിലെ 4-ാം ഖണ്ഡികയുടെ ഭാഗമായി ഉൾക്കൊള്ളിച്ചിരിക്കുന്ന വിശദീകരണത്തിൽ, ഒരു സ്ത്രീക്ക് തുടർച്ചയായി ഏഴ് വർഷം ഭർത്താവിനെ കുറിച്ച് യാതൊരു അറിവും ഇല്ലാതിരിക്കുകയും ആ സ്ത്രീ പുനർ വിവാഹം ചെയ്യാതിരിക്കുയും ആ വസ്തുതകൾ ബന്ധപ്പെട്ട തഹസിൽദാർ നേരിട്ട് അന്വേഷണം നടത്തി ബോദ്ധ്യപ്പെടുകയും ചെയ്താൽ പ്രസ്തുത സ്ത്രീയെയും വിധവയായി കണക്കാക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി സാമൂഹ്യക്ഷേമ പരിപാടികളുടെ നിർവ്വഹണം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയതിന്റെ ഭാഗമായി സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം നൽകുന്ന പദ്ധതി ഏറ്റെടുക്കാൻ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും സൂചന (3) മാർഗ്ഗരേഖ പ്രകാരവും അനുമതി നൽകിയിട്ടുണ്ട്. ഭർത്താവു ഉപേക്ഷിച്ച പോയിട്ടുള്ള സ്ത്രീകൾക്ക് മേൽപ്പറഞ്ഞ

പദ്ധതിയിൽ ധനസഹായം നൽകുന്നത് സംബന്ധിച്ച് സൂചന (4) പ്രകാരം സ്പഷ്ടീകരണം ആരാഞ്ഞിരുന്നു.

വിധവ പെൻഷന്റെ മാനദണ്ഡങ്ങൾ പരിഗണിച്ചും ഭർത്താവിനെ കാണാതായി ഏഴ് വർഷം കഴിഞ്ഞുവെന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം പരിഗണിച്ചും, ഭർത്താവ് ഉപേക്ഷിച്ചവർക്കും ഭർത്താവിനെ കാണാതായവർക്കും സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം നൽകാവുന്നതാണെന്ന് സൂചിത സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്ത് മുഖേന ധനസഹായം അനുവദിക്കാമെന്നാണ് നിർദ്ദേശിച്ചിരുന്നത്. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഒരുപോലെ ബാധകമാണെന്ന് സ്പഷ്ടീകരണം നൽകുന്നു.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
6. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
7. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
8. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
9. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
10. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
11. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
12. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
13. ഡയറക്ടർ ജനറൽ, കില
14. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
15. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
16. വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്
17. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 01-07-2023 11:02:22

സെക്ഷൻ ഓഫീസർ.